കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012

തീയ്യതി. 22.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം - കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2(3) ഖണ്ഡികയിലേക്കും ഭാഗം -3-ലെ 3(7) ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി 1 മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് –

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2244/2016 തീയതി – 22.12.2016

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.15 മുതൽ 01.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് കുമാർ.കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.11.2016 മുതൽ 14.12.16 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷൈന.എ കെ | അസി.ഓഡിറ്റ് ഓഫീസർ |
| | പി ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | അനിൽ കുമാർ.എം.ഡി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഇ.കെ.സെബാസ്റ്റ്യൻ | 01.04.15 മുതൽ 1.11.15വരെ |
| | സോളി ജോസഫ്. | 01.11.15 മുതൽ 31.3.16വരെ |
| സെക്രട്ടറി | രവീന്ദ്രൻ.എൻ | 01.04.15 മുതൽ 31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | വിലാസം |
|---|---|---|
| അസി.സെക്രട്ടറി | വി.വിജയൻ | 02.06.15 മുതൽ 18.08.15 വരെ |
| | പി.ജിനചന്ദ്രൻ | 19.08.15മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ഗോകുൽ പ്രസാദ്.എം | 01.04.15 മുതൽ 31.3.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ജമീല.കെ കെ | 01.04.15 മുതൽ 09.07.15വരെ |
| | ഹഫ്സ | 10.07.15.15 മുതൽ 31.3.16വരെ |
| അഗ്രി.ഓഫീസർ | ജിഷ.പി ജി | 01.04.15 മുതൽ 31.3.16 വരെ |
| മെഡി.ഓഫീസർ (പിഎച്ച്സി) | നൈസി തോമസ് | 01.04.15 മുതൽ 31.12.15 വരെ |
| | ഡോ: മനോജ്.കെ.എം | 01.01.16 മുതൽ 31.03.16വരെ |
| വെറ്റിനറി ഡോക്ടർ | ഡിജേഷ് ഉണ്ണികൃഷ്ണൻ | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | സുധാകരൻ | 09.07.15 മുതൽ 31.03.16വരെ |
| അസി.എഞ്ചിനീയർ | ഫിലിപ്പോസ് പണിക്കർ | 01.04.15 മുതൽ 20.05.15വരെ |
| | പ്രദീപ് കുമാർ. | 20.05.15മുതൽ 31.03.16വരെ |

## ഉള്ളടക്കം


| ക്രമ.നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം - 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക 232/2016 പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 5 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം |
| ഭാഗം - 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| 12 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 13 | 2-3 | തനതുവിഭവ സമാഹരണത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ ചെലുത്തുന്നില്ല. |
| ഭാഗം -3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | 3-1 | കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധിക നിരക്ക് അനുവദിച്ചു |
| 15 | 3-2 | അങ്കണവാടികൾക്ക് മേശ, കസേര വാങ്ങൽ - അപാകതകൾ |
| 16 | 3-3 | പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു |
| 17 | 3-4 | അർഹത പരിശോധിക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു |
| 18 | 3-5 | പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ കാര്യത്തിൽ ഐ.കെ.എം പ്രവർത്തനം തൃപ്തികരമല്ല |
| 19 | 3-6 | പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച് |
| 20 | 3-7 | ആശ്രയ രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിയില്ല |
| 21 | 3-8 | സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം റീക്കുപ്പ് ചെയ്യുന്നത് സംബന്ധിച്ച് |

| | | |
|---|---|---|
| 22 | 3-9 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 23 | 3-10 | സർക്കാർ നിർദ്ദേശ പ്രകാരമല്ലാതെ ബേങ്ക് അക്കൗണ്ട് വഴി പണമിടപാടുകൾ നടത്തുന്നു |
| 24 | 3-11 | കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 25 | 3-12 | ലൈബ്രറി പുസ്തകം വാങ്ങൽ പദ്ധതി - വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറികൾക്ക് നൽകിയില്ല |
| 26 | 3-13 | പദ്ധതി നിർവ്വഹണത്തിൽ നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 27 | 3-14 | ആരോഗ്യ കേരളം പുരസ്കാരം - തുകയുടെ ചെലവ് വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 28 | 3-15 | ഭവന നിർമ്മാണപദ്ധതി പൂർത്തിയാക്കിയില്ല |
| 29 | 3-16 | പി.എച്ച്.സി ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 30 | 3-17 | മഴക്കാല പൂർവ്വ ശുചീകരണം - ഫണ്ട് വിനിയോഗം സംബന്ധിച്ച് |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | |
|---|---|---|
| 31 | 4-1 | ഓഡിറ്റ് ഇംപാക്ട് |
| 32 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-5 | വായ്പ / വായ്പ തിരിച്ചടവ് |
| 36 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 37 | 4-7 | ഓഡിറ്റ് റിക്കവറി |
| 38 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 04.03.16 തിയതിയിലെ 227/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.16 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഈ റിപ്പോർട്ടിന്റെ അനുബന്ധം കാണുക

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23212619 |
| വരവ് | 30137403 |
| ആകെ | 53350022 |
| ചെലവ് | 43329843 |
| നീക്കിയിരിപ്പ് | 10020179 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ കർഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1716091 | 9125905 | 10841996 | 8987760 | (+)9125905<br>(-)1854236 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1354468 | 690000 | 2044468 | 690000 | (-)1354468 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 515047 | 347075 | 862122 | 347075 | (-) 515047 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2287089 | 6806092 | 9093181 | 9093181 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1389078 | 1168144 | 2557222 | 2557222 | ……….... | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1880336 | 6062466 | 7942802 | 6062466 | (-) 1880336 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3753755 | 1742330 | 5496085 | 1742330 | (-) 3753755 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 6637 | 12749445 | 12756082 | 12754873 | ……. | 1209 |
| ബി ഫണ്ട് | ---- | 8352440 | 8352440 | 8352440 | …….. | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | | 181 | | 38 | 21 | 79% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2765996 | 2809791 | (+) 43795 |
| നികുതിയേതര വരവുകൾ | 542764 | 573974 | 31210 |
| ആകെ | 3308760 | 3383765 | 75005 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119640 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 1479000 | 377 |
| വിധവാപെൻഷൻ | 2565600 | 532 |
| വാർദ്ധക്യകാലപെൻഷൻ | 3031800 | 796 |
| വികലാംഗപെൻഷൻ | 884800 | 157 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 61600 | 12 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.12.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2458 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.7.2016 | 4/2016-6/2016 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.7.2008 | 2007-08 വരെ | LBA(HQ)111/812-1311/144 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം സാക്ഷരത പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക 32460 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ഇത് 32877 രൂപയാണ്. ആരോഗ്യകേരളം പദ്ധതിക്ക് ലഭിച്ച 300000 രൂപ വാർഷിക ധനകാര്യപത്രികയിൽ ചേർത്തതായി കാണുന്നില്ല.

2) വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുവാനായിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് ,

നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

5) ധനകാര്യകമ്മീഷൻ ഗ്രാന്റ് വാർഷിക ധനകാര്യപത്രിക പ്രകാരം 6062466 രൂപയാണെങ്കിൽ എ സി ആർ പ്രകാരം 3815410 രൂപയാണ്.

6) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2015-16 വർഷത്തെ ഡെപ്പോസിറ്റ് 64650 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 6,12,384 രൂപയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 (ബി) പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ റൂമുകൾ കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ സംബന്ധിച്ചുള്ള നോട്ടീസ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്.2015-16 വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്കായി 10 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.എന്നാൽ മേൽ പ്രകാരമുള്ള നടപടി സെക്രട്ടറി സ്വീകരിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയില്ല

ഫ്യുവൽ വാലി പെട്രോൾ പമ്പ്, സ്റ്റെല്ലാ മേരീസ് ബോർഡിംഗ് സ്കൂൾ എന്നീ സ്ഥാപനങ്ങൾ രണ്ട് അർധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14.02.2011 ലെ (എം.എസ്) 36/11/പൊ.വി.നം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം ശമ്പളം 01.11.2011 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 തനതുവിഭവ സമാഹരണത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനങ്ങളിൽ ഒന്നാണ് നികുതിയും, നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനതു ഫണ്ട്. മറ്റു ഗ്രാന്റുകളെ അപേക്ഷിച്ച് സ്വന്തം നിലക്ക് ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാൻ കഴിക്കുന്നതും, ശമ്പളം ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾ നിർവ്വഹിക്കേണ്ടതും ഈ തനതുവരുമാനത്തിൽ നിന്നാണ്. ഇതിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും സർക്കാരിന്റെ ഗ്രാന്റുകളെ പരിധിയിൽ കൂടുതൽ ആശ്രയിക്കാൻ കാരണമാകുകയും ചെയ്യും. അതിനാൽ തനതുവരുമാനത്തിന്റെ പരമാവധി സമാഹരണം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ആ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിൽ മുതൽ കൂട്ടാവുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിന്റെ തനതു വിഭവ സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

I- നികുതി വരുമാനം

സർക്കാർ നിയമം മൂലം പിരിച്ചെടുക്കാൻ അനുവദിച്ചിട്ടുള്ള നികുതികൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിന്റെ കാര്യക്ഷമമായ പിരിവ് തനതുവരുമാനത്തിന്റെ അളവ് വദ്ധിപ്പിക്കുകയും വികസപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയും ചെയ്യും. താഴെ പറയുന്നവയാണ് പ്രധാന നികുതികൾ.

i) വസ്തു നികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (എ) i പ്രകാരം നികുതി നിരക്കുകൾ നിർണ്ണയിക്കാനുള്ള അധികാരം സ്റ്റാൻഡിംഗ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ചുമത്താനുള്ള അധികാരം സെക്രട്ടറിക്കുമാണ്. (വകുപ്പ്-276 (i)) ഇതുപ്രകാരം തൻവർഷം ചുമത്തിയതും ഈടാക്കാനുള്ളതുമായ വസ്തുനികുതി ഇവയാണ്.

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| വസ്തുനികുതി | 1835626 | 1294478 |

ഡിമാന്റ് ചെയ്തതിൽ 541148 രൂപ തൻവർഷം ഈടാക്കാനവശേഷിക്കുന്നു. ഈടാക്കിയത് 70.51% മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ ക്ലറിക്കൽ വിഭാഗത്തിൽ ക്ലർക്കുമാർ ഉണ്ടായിട്ടും മുഴുവൻ പിരിച്ചെടുക്കാത്തത് ആശാസ്യമല്ല.

ii) വസ്തു നികുതിയിൻമേൽ സർചാർജ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 208 പ്രകാരം ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ ചെലവഴിച്ച അസാധരണ ചെലവ് നികത്താൻ കെട്ടിടനികുതിയിൻമേൽ 5% സർച്ചാർജ് ചുമത്താം. പഞ്ചായത്ത് പ്രദേശത്ത് ഭാഗികമായോ മുഴുവനായോ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാം. എന്നാൽ , ഇത്തരത്തിൽ സർചാർജ് ഈടാക്കിയിട്ടില്ല.

iii) സേവനനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 (2); 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ് ചട്ടങ്ങൾ പ്രകാരം ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്ക്, ഡ്രെയിനേജ് എന്നീ സേവനങ്ങൾ നൽകുന്നതിന് ചട്ടങ്ങളിൽ നിശ്ചയിച്ച നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവനനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

iv) തൊഴിൽനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1); 1995ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയ തൊഴിൽനികുതിയുടെ കണക്ക് താഴെ :-

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| തൊഴിൽ നികുതി- | 920370 | 920370 |

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 279 വ്യാപാരികൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തി എല്ലാ വ്യാപാരികളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഇല്ലാത്തവരുടെ പേരിൽ നിയമാനുസൃതമായ പിഴ, അടച്ചു പൂട്ടൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വ്യാപാരികളുടെയും വരുമാനം തൊഴിൽ നികുതി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനക്ക് വിധേയമാക്കേണ്ടതും നികുതി അടക്കാൻ ബാധ്യസ്ഥരായ ആരും നികുതിയിൽ നിന്ന് ഒഴിവാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

v) പരസ്യനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നികുതി ഗ്രാമപഞ്ചായത്തിൽ കൊടുക്കേണ്ടതാണ്.

എന്നാൽ, ഇത്തരത്തിൽ ഒരു നികുതി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇതിൽ നിന്ന് 500 രൂപയേ വരുമാനമായി ലഭിച്ചിട്ടുള്ളു. പരസ്യ നികുതി കുറ്റമറ്റ രീതിയിൽ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനതുത് ഫണ്ട് വർദ്ധിപ്പിക്കാൻ നിരവധി സാഹചര്യങ്ങൾ ഉണ്ടായിട്ടും അതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധികനിരക്ക്

<u>അനുവദിച്ചു.</u>

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ റോഡ് പ്രവൃത്തിയിൽ ഒരിനം, 20 മി.മീ. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഈ ഇനത്തിന് ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോസ്റ്റ് ഇൻഡക്സ് 1.3143 പ്രകാരം 6582.02 രൂപയും, കോസ്റ്റ് ഇൻഡക്സ് 1.381 പ്രകാരം 6916.05 രൂപയുമാണ് അനുവദിച്ചത്. ഇത് കരാർ പ്രവൃത്തിയാണെങ്കിൽ യഥാക്രമം 7569.32 രൂപയും, 7953.46 രൂപയുമാണ്. 2014 ലെ ഡൽഹി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സ് 1.3143, 1.381 എന്നിവ ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ്കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച വർദ്ധിച്ച നിരക്ക് കൺവീനർ/കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നുവെങ്കിൽ താഴെ കൊടുത്ത നിരക്ക് ആണ് കൺവീനർ/കരാറുകാർക്ക് അനുവദിക്കേണ്ടത്.

കോഡ് 4.1.3 വിശദാംശം

| മെറ്റീരിയൽ ഒരു ഘനമീറ്ററിന് | ആവശ്യമായത് | വില | ആകെ |
|---|---|---|---|
| 20.മി.മീ മെറ്റൽ | 0.670 | 1175 | 787.25 |
| 10 മി.മീ മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |
| കടത്ത് | 0.445 | 106.49 | 47.39 |
| സിമൻറ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 30.29 |
| ലേബർ -മേസൺ | 0.10 | 417 | 41.70 |
| ബെൻഡർ | 1.63 | 329 | 536.27 |
| ബിഷ്ടി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റു ചെലവുകൾ | 14.3 | 1.78 | 25.45 |
| ആകെ | | | 4706.23 |
| 1% വാട്ടർ ചാർജ്ജ് | | | 47.06 |
| | | | 4753.29 |
| കരാറുകാരന്റെ ലാഭം+ഓവർ ഹെഡ് %ചാർജ്ജ് | | | 712.99 |

| ആകെ മൊത്തം | 5466.30 |
|---|---|

ഒരു ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുവാൻ കൺവീനർക്ക് 4753.29രൂപയും, കരാറുകാരൻ 5466.30 രൂപയും കണക്കാക്കി കാലാകാലങ്ങളിലെ കോഴിക്കോട് കോസ്റ്റ് ഇൻഡക്സ് ആയ യഥാക്രമം 1.3143, 1.381 എന്നിവ കൊണ്ട് ഗുണിച്ചാൽ കൺവീനർക്ക് 6247.25 രൂപയും (4753.29 x1.3143=6247.25) 6564.29 രൂപയും (4753.29x1.381=6564.29) ആണ് അനുവദിക്കേണ്ടത്. കരാറുകാർക്ക് ഇത് യഥാക്രമം 7184.36 രൂപയും, (5466.3x1.3143=7184.36)7548.96 രൂപയുമാണ് (5466.3x1.381=7548.96 രൂപയുമാണ് (5466.3x1.381=7548.96). ഇതിന് പകരം വർദ്ധിച്ച നിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ അടങ്കൽ തുക, ബിൽ നമ്പർ, വൗച്ചർ നമ്പർ | കരാറുകാരന്റെ/ കൺവീനറുടെ പേര് എംബുക്ക് നമ്പർ പേജ്/ഇനം ടെൻഡർ റേറ്റ് | 1:2:4 കോൺക്രീറ്റ് ചെയ്ത വോള്യം(ഘന മീറ്ററിൽ) | അനുവദിച്ച തുക | കോസ്റ്റ് ഇൻഡക്സ് | അനുവദി ക്കേണ്ട തുക | അധികം |
|---|---|---|---|---|---|---|---|
| 1 | കളിപ്പാറ പെരുംപിലാപ്പുഴ റോഡ് 122/16 300000; (MGR) | മണി എടത്തുവീട്ടിൽ 135/15-16 | 34.05 M3 | 224117.78 | 1.3143 | 212718.86 (34.05x6247.25) | 11398.92 |
| 2 | ആര്യാടൻപടി റോഡ് 84/16 130000 (MG-R) 72/15-16 dtd 14.1.16; 130000 | ഗ്രേസി അബ്രഹാം കീലത്ത് 285/14-15 | 10.36 M3 | 68189.73 | 1.3143 | 64721.51(10.36x6247.25) | 3468.22 |
| 3 | പുന്നക്കുന്നേൽ ജംഗ്ഷൻ പിണക്കാട്ട് ജംഗ്ഷൻ ഐക്കരക്കുന്ന് റോഡ് - 138/16 400000 (Dev.A) 17/15-16 dtd 3.12.15; 399413 | ബേബി വെണ്ണായപ്പള്ളിൽ 290/14-15 | 32.45 M3 | 213586.55 | 1.3143 | 202723.26 (32.45x 6247.25) | 10863.29 |
| 4 | നാരായണൻകട ഫുട്പാത്ത് 145/16 50,000 (MG-R) 16/15-16 dtd.3.12.15 49989 | പി ജെ ജോണി പേടിക്കാട്ടു കുന്നേൽ 134/15-16 | 4.56 M3 | 30014.01 | 1.3143 | 28487.46 (4.56x 6247.25) | 1526.55 |
| 5 | കൂടരഞ്ഞി കോലോത്തുംകടവ് ബണ്ട് റോഡ് 160/16; 3,50000 (MG- R)15/15-16; dtd3.12.15; 3,50000 | കെ എം മൊയ്തീൻ കുട്ടി 288/14-15 | 28.84 M3 | 189825.46 | 1.3143 | 180170.69 (28.84x6247.25) | 9654.77 |
| 6 | കുമ്പാറ വാഴേപ്പടി റോഡ് 118/16 4,00000 (MG-R) 14/15-16dtd. 3.12.15Rs.4,00000 | കര്യൻ വാഴയിൽ 294/14-15 | 30.9 M3 | 203384.42 | 1.3143 | 193040.02 (30.9x6247.25) | 10344.40 |
| 7 | തനിക്കുന്ന് പുളിത്തനം റോഡ് 91/16; 100000 (MG-R) 13/15-16 3.12.15Rs100000 | മുഹമ്മദ് കാസിം മാവുള്ള കണ്ടി 293/14-15 | 6.94 M3 | 45679.22 | 1.3143 | 43355.91 (6.94x6247.25) | 2323.31 |
| 8 | ഈസ്റ്റ് കല്ലിനി ആനയോട് ലിങ്ക് റോഡ് 114/16 4,90,000 (MG-R) 12/15-16 dtd 3.12.15Rs.484969 | കൺവീനർ- ജോസഫ് കളത്തിപ്പറമ്പിൽ 289/14-15 | 37.62 M3 | 247615.59 | 1.3143 | 235021.54 (37.62x6247.25) | 12594.05 |
| 9 | കൽപിനിതോട് ടാങ്ക് റോഡ് 140/16വി ഫ 300000; 11/15-16 dtd3.12.15-300000 | കൺവീനർ- അജു അത്തിക്കൽ 292/14-15 | 24.32 M3 | 160074.73 | 1.3143 | 151933.12 (24.32x6247.25) | 8141.61 |
| 10 | താഴെകൂടരഞ്ഞി തറപ്പിൽക്കുന്ന് റോഡ് 148/16; 200000 (MG-R) 74/15-16- 14.1.16 Rs 200000 | കൺവീനർ- ഷാജൻ പുത്തൻവീട്ടിൽ 137/15-16 | 16.37 M3 | 107747.67 | 1.3143 | 102267.48 (16.37x6247.25) | 5480.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | അംബേദ്കർ റോഡ് 105/16; വി.ഫ. 100000; 70/15-16-14.1.16 Rs 99957 | കൺവീനർ- ജേക്കബ് കിഴക്കേപറമ്പിൽ 136/15-16 | 8.10 M3 | 53314.36 | 1.3143 | 50602.72 (8.10x6247.25) | 2711.64 |
| 12 | പ്രിയദർശിനി റോഡ് 125/16; 300000 (വിഫ); 71/15-16-14.1.16 Rs 296539 | കൺവീനർ- ജോസ് കുന്താനത്ത് 138/15-16 | 24.03 M3 | 158165.94 | 1.3143 | 150121.41 (24.03x6247.25) | 8044.53 |
| 13 | തിരുവമ്പാടി എസ്റ്റേറ്റ് റോഡ് 102/16; 150000- (വിഫ) 73/15-16 14.1.16Rs 150000 | കൺവീനർ- റെജീന | 11.70 M3 | 77009.63 | 1.3143 | 73092.82 (11.70x6247.25) | 3916.81 |
| 14 | ഉറുമി കുളിരാമുട്ടി- പെരുമ്പൂള റോഡ് 85/16; 400000 (വിഫ); 65/15-16 14.1.16Rs 400000 | കൺവീനർ ജോണി സെബാസ്റ്റ്യൻ 296/14-15 | 32.70 M3 | 215232.06 | 1.3143 | 204285.07 (32.7x6247.25) | 10946.99 |
| 15 | പുന്നക്കന്നേൽ ജംഗ്ഷൻ- ഐെക്കരക്കുന്ന് റോഡ് 144/16 ; 300000 (വിഫ) 38/15-16; 26.2.16 Rs 270748 | കൺവീനർ- മാത്യൂ ജോസഫ് 140/15-16 | 21.94 M3 | 144408.52 | 1.3143 | 137064.66 (21.94x6247.25) | 7343.86 |
| 16 | തന്നിക്കുന്ന് പുളിച്ചോട് റോഡ് 96/16; 130000 (MG-R) | കൺവീനർ- സോജൻ പീറ്റർ പ്ലാക്കയിൽ 144/15-16 | 9.25 M3 | 60883.69 | 1.3143 | 57787.06 (9.25x6247.25) | 3096.63 |
| 17 | കല്ലംപുല്ല് എസ് ടി കോളനിറോഡ് 95/16; 200000 (MG-R); 82/15-16; 5.2.16- 200000 | കൺവീനർ- ജോർജ്ജ് കുമരപ്പള്ളിൽ 142/15-16 | 15.6 M3 | 102679.51 | 1.3143 | 97457.10 (15.6x6247.25) | 5222.41 |
| 18 | പെരുമ്പൂള സ്രാമ്പി റോഡ് 103/16; 4,90,000 (MG-R) 1141/16.3.16- 489711 | കൺവീനർ- സെബാസ്റ്റ്യൻ ഇടശ്ശേരിയിൽ 151/15-16 | 37.80 M3 | 248800.35 | 1.3143 | 236146.05 (37.8x6247.25) | 12654.30 |
| 19 | മുണ്ടാട്ടപ്പടി കരിങ്കുറ്റി റോഡ് 124/16; 200000 (MG-R); 1131/15.3.16 Rs 200000 | കൺവീനർ- രാധാകൃഷ്ണൻ എം ആർ പേഴംകോട്ടിൽ 164/15-16 | 16.25 M3 | 106957.83 | 1.3143 | 101517.81 (16.25x6247.25) | 5440.02 |
| 20 | ഉറുമി ബംഗ്ലാവ് റോഡ് 90/16; 200000 (MG-R) 1128/15-16; 15.3.16 Rs 200000 | കൺവീനർ- രവി കുളിപ്പാറ 149/15-16 | 16.06 M3 | 105707.24 | 1.3143 | 100330.83 (16.06x6247.25) | 5376.41 |
| 21 | പൂവാറംതോട് കല്ലംപുല്ല് ഓടപ്പൊയിൽ റോഡ് - 93/16; 3,50,000- (MG-R) 1109/15-16; 11.3.16-106272; 1132/15-16; 15.3.16-243728 | കൺവീനർ- ചാക്കോ കോഴത്തടത്തിൽ 145/15-16 | 27.3M3 | 179689.15 | 1.3143 | 170549.92 (27.3x6247.25) | 9139.23 |
| 22 | മുള്ളൻപടി കുളമ്പ് പടി റോഡ്- 86/16; 400000 (MG-R); 0111/15-16; 400000 | കൺവീനർ- ജോർജ്ജ് വാഴപ്പാകുടിയിൽ 152/15-16 | 32.70 M3 | 215232.05 | 1.3143 | 204285.07 (32.7x6247.25) | 10946.98 |
| 23 | കുന്നേൽ കോളനി നടപ്പാത- 164/16 50000 (വിഫ); 103849 (MG-R) 1129/15-16/ 15.3.16-103849; 1104/15-16/ 29.2.16- 50000 | കൺവീനർ- മാത്യൂ പുഞ്ചത്തറപ്പിൽ 156/15-16 | 11.55 M3 | 76022.33 | 1.3143 | 72155.74 | 3866.59 |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | കുമ്പാറ അമ്പലപ്പടി റോഡ് 121/16; വിഹ 1,50,000; 1102/15-16; 26.8.15; 135983 | കൺവീനർ- ജോളി പൈക്കാട്ട്; 157/15-16 | 9.62 M3 | 63319.03 | 1.3143 | 60098.54 (9.62X6247.25) | 3220.49 |
| 25 | കോൺവെന്റ് കോളനിറോഡ് കോൺക്രീറ്റ് 166/16; 9/15-16/ 11.3.16- 199986 | കൺവീനർ- സെയ്ത മുഹമ്മദ് പള്ളിയാം തടത്തിൽ 295/14-15 | 15.90 M3 | 104654.12 | 1.3143 | 99331.27 (15.9x6247.25) | 5322.85 |
| 26 | കുമ്പാറ പുളിന്താനം കടവ് റോഡ് - 123/16; 100000 (MG-R); 1105/ 15-16; 29.2.16- 100000 | കൺവീനർ- ജെയ്സൺ എളമ്പുള്ളിയിൽ 287/14-15 | 8.06 M3 | 53051.08 | 1.3143 | 50352.83 (8.06x6247.25) | 2698.25 |
| 27 | താന്നിക്കുന്ന്- മഞ്ഞക്കടവ് പൂതംകുഴി റോഡ് 225/16; 475000 (ലോകബാങ്ക്);1111/15-16/ 11.3.16; 475000 | കൺവീനർ- ജയിംസ് കോട്ടൂർ 167/15-16 | 34.97 M3 | 241854.27 | 1.381 | 229553.22 (34.97x6564.29) | 12301.05 |
| 28 | മുണ്ടാട്ടപ്പടി- കരിങ്കുറ്റി മലറോഡ് 217/16; 1110/15-16- 11.3.16 ; 300000 | കൺവീനർ- രാധാകൃഷ്ണൻ എം ആർ 168/15-16 | 23.25 m3 | 160798.16 | 1.381 | 152619.74 (23.25x6564.29) | 8178.42 |
| 29 | കള്ളിപ്പാറ വയൽ റോഡ്- 100/16; 80000 (MG-R); 1127/15-16/ 15.3.16 80000 | കൺവീനർ- ജോർജ്ജ് ആറക്കാട്ടിൽ 161/15-16 | 6.6 M3 | 43441.33 | 1.3143 | 41231.85 | 2209.48 |
| 30 | ആനയോട് മ്ലാവ് കണ്ടൻ- 135/16; 170000 (MG-R) 1130/15-16/ 15.3.16; 170000 | കൺവീനർ- മനോജ് മാത്യു പുതിയപറമ്പിൽ 150/15-16 | 13.50 M3 | 88857.27 | 1.3143 | 84337.87 (13.5x 6247.25) | 4519.4 |
| 31 | മാവാപ്പടി ടാങ്ക് റോഡ്- 207/16; 75000 (MG-R); 1143/15-16/ 16.3.16 Rs.75000 | കൺവീനർ- നിജോ ജോൺ കാവുകണ്ടത്തിൽ 155/15-16 | 6.0 M3 | 41496.30 | 1.381 | 39385.74 (6x6564.29) | 2110.56 |
| 32 | ആനയോട് കൽപ്പിനി- മില്ലപടി റോഡ് 137/16; 240000 (MG-R); 1176/15-16; 24.3.16;Rs.239527 | കൺവീനർ- മാർട്ടിൻ പെരുമന 245/15-16 | 19.41.M3 | 127757.00 | 1.3143 | 121259.12 (19.41x6247.25) | 6497.88 |
| 33 | കല്ലംപുല്ല് ഓടപ്പൊയിൽ റോഡ്- 224/16; 475000 (ലോകബാങ്ക്); 1167/15-16/ 24.3.16Rs.475000 | കൺവീനർ- 292/15-16 | 35.55 M3 | 245865.58 | 1.381 | 233360.51 (35.55x6564.29) | 12505.07 |
| ആകെ | | | | | | 310965.16 | |

കോൺക്രീറ്റ് മിശ്രിതത്തിന് അധികനിരക്ക് അനുവദിച്ചത് ബന്ധപ്പെട്ട കൺവീനർമാരിൽനിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## **3-2** <u>അംഗൻവാടികൾക്ക് മേശ, കസേര വാങ്ങൽ - അപാകതകൾ</u>

പ്രൊജക്ട് - 24/16

അടങ്കൽ - 75000 ( മെയിന്റ.നോൺ റോഡ്)

ചിലവ് - 75000

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 18 അംഗനവാടികൾക്ക് കസേരയും 3 അംഗൻവാടികൾക്ക് അലമാരയും വാങ്ങി നൽകിയിട്ടുണ്ട്.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1). 15000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്വഭാവം,അളവ്,വില,സപ്ളൈ കാലയളവ് എന്നിവ സഹിതം പത്രങ്ങളിൽ പരസ്യം ചെയ്യേണ്ടതാണ്.മാത്രമല്ല വാങ്ങലുകൾ സംബന്ധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.8 മുതൽ 10 വരെ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ എണ്ണം ടെണ്ടറുകൾ ഉണ്ടാവേണ്ടതുമാണ്.

2). മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചതിൽ ഏഷ്യൻ ഫർണിച്ചർ പൂനൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേശ, കസേര എന്നിവ വാങ്ങിയത്.എന്നാൽ മേൽ വാങ്ങലുകൾ ഫോം നമ്പർ 8 പ്രകാരമുള്ള ടാക്സ് ബിൽ പ്രകാരമല്ല വാങ്ങിയത്.മേൽ സ്ഥാനത്തിന്റെ ലെറ്റർഹെഡിൽ എഴുതി നൽകിയ ബിൽ ആണ് പരിശോധനക്ക് സമർപ്പിച്ചിട്ടുള്ളത്. ഇത് പ്രകാരം 14.5% ടാക്സ് ഇനത്തിൽ സർക്കാറിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.മേൽ സ്ഥാപനത്തിന്റെ ടിൻ നമ്പർ ലെറ്റർഹെഡിൽ നൽകിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള ഇത്തരം സ്ഥാപനങ്ങൾ ടാക്സ് അടവാക്കാതെ നടത്തുന്ന വാങ്ങലുകൾ ഗ്രാമപഞ്ചായത്ത് നടത്തിയത് നിയമവിരുദ്ധമാണ്.

3). സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം ഓഫീസ് സ്റ്റീൽ അലമാരയുടെ അളവ് 78x36x18 എന്നാണ്. സർക്കാർ സ്ഥാപനമായ സിഡ്കോയുടെ ഇതിനേക്കാൾ വലിയ78x36x19(22ഗെയ്ജ്)അലമാരക്ക് 6221 രൂപ മാത്രമാണ്. എന്നാൽ 7400 രൂപവീതം നൽകിയാണ് മേൽ സ്ഥാപനത്തിൽ നിന്നും അലമാര വാങ്ങിയത്.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒന്നാം നമ്പർ എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. മറുപടിയിൽ നിർവ്വഹണ ചുമതലയുടെ തിരക്കുകളും വ്യക്തമായ നിയമ ഉപദേശത്തിന്റെ കുറവും കാരണമാണ് അപാകത സംഭവിച്ചത് എന്ന് വ്യക്തമാക്കുന്നു.സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചിലവഴിച്ച 75000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-3 പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.

പ്രൊജക്ട് നം- എസ്.ഒ2 / 2015-16

പദ്ധതി നിർവ്വഹണ ചെലവ്

അടങ്കൽ- 150000 രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് - 74420

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് പണം ചെലഴിച്ചിട്ടുണ്ട് . ജി.ഒ. (ആർടി.)1/11/ I & PRD/04-01-11 , ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I & PRD /22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തര വായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീ മീറ്ററിലാണ് കാണിച്ചിട്ടുള്ളത് കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് പരസ്യ ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രം പരസ്യ തിയ്യതി | അനുവദിച്ചതുക | ബിൽ നംമ്പർ തിയ്യതി |
|---|---|---|
| മനോരമ പത്രം 215765577/27-02-2016 | 3.8 സെ.മീ. വീതി x 8സെ.മീ. നീളം<br>=30.40 x 192(നിരക്ക്)=5837 രൂപ | 25/29-03-20116<br>Rs.36721/- |

| | | |
|---|---|---|
| മനോരമ പത്രം 215757502/23-02-2016 | 8 സെ.മീ. വീതി x 5സെ.മീ. നീളം =40 x 192(നിരക്ക്)=7680 രൂപ | |
| മാതൃഭൂമി പത്രം 6079913/23-02-2016 | 8 സെ.മീ. വീതി x4സെ.മീ. നീളം =32 x 192(നിരക്ക്)=6144 രൂപ | |
| മാതൃഭൂമി പത്രം 6065711/31-07-2015 | 8 സെ.മീ. വീതി x 5സെ.മീ. നീളം=40 x 192(നിരക്ക്)=7680 രൂപ | 10/2015-16 14-01-2016 Rs.4900/- |

പരസ്യ ചാർജിനത്തിൽ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമായിരിക്കേണ്ടതാണ്.

## 3-4 അർഹത പരിശോധിക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ജി.ഒ(എം.എസ്)362/2013/ത.സ്വ.ഭ.വ/16-11-2013 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 3-2 പ്രകാരമുള്ള താഴെ പറയുന്ന രേഖകൾ ഇല്ലാതെയാണ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്

| പ്രൊജക്ട്. നം | ഗുണഭോക്താവ് | ബിൽനം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| എസ്.ഒ. 30/2015-16 പോത്തിൻ കുട്ടി വളർത്തൽ (എസ്.സി. വനിത) | റീജ ഭഗവതി തോട്ടത്തിൽ | 04/2015-16/ 19-03-2016 | 7500 | കുടുംബ വാർഷിക വരുമാനം 50000 ത്തിൽ കുറവാണ് എന്നതിനും, പട്ടിക ജാതി വിഭാഗമാണെന്നതിനും രേഖ ഹാജരാക്കിയിട്ടില്ല. |
| | ലക്ഷ്മി ചെല്ലി പറമ്പിൽ | | 7500 | ടി |
| | സരോജിനി തയ്യിൽ | | 7500 | കുടുംബ വാർഷിക വരുമാനം 50000 ത്തിൽ കുറവാണ് എന്നതിന് രേഖ ഹാജരാക്കിയിട്ടില്ല. |
| | വിലാസിനി പാറക്കൽ | | 7500 | ടി |
| | കമല താമരക്കുന്നേൽ | | 7500 | ടി |
| | കുഞ്ഞി വേളം കോട് | | 7500 | ടി |
| | കല്ല്യാണി തയ്യിൽ | | 7500 | ടി |
| | കൃഷ്ണ പ്രിയ കവറത്തറ | | 7500 | ടി |

| | | | | |
|---|---|---|---|---|
| | ജാനു വട്ടത്ത് | | 7500 | ടി |
| | നിർമ്മലഎഴുത്താ ണിക്കുന്നേൽ | | 7500 | ടി |
| | അശ്വതി പാറമലയിൽ | | 7500 | ടി |
| | റീത്ത എതിർ പാറമ്മേൽ | | 7500 | ടി |
| | ശാന്ത കുന്നത്ത് | | 7500 | ടി |
| | ചിരുത ആക്കോ ട്ട് ചാലിൽ | | 7500 | ടി |
| | ബിന്ദു കണ്ണം പിള്ളിയിൽ | | 7500 | ടി |
| | മൈഥിലി ചോയി ക്കുന്നുമ്മേൽ | | 7500 | ടി |
| | മൈഥിലി കുട്ടത്ത് | | 7500 | ടി |
| എസ്.ഒ. 29/2015-16 പോത്തിൻ കുട്ടിവളർത്ത ൽ (വനിത ജനറൽ) | ആലീസ് കാക്കി യാനിയിൽ | 03/2015-16/ 19-03-2016 | 500 | ടി |
| | വിജയകുമാരി പനക്കൽ | | 500 | ടി |
| | പാർവ്വതി ചെറുവള്ളിൽ | | 500 | ടി |
| | ത്രേസ്യാമ്മ പുതി യേടത്ത്ചാലിൽ | | 500 | ടി |
| | ശകുന്തള ഇവപ്പാറക്കൽ | | 500 | ടി |
| | സുലൈഖ കോണ മണ്ണിൽ | | 500 | ടി |
| | സുജയ കോണമണ്ണിൽ | | 500 | ടി |
| | റംലത്ത് ഇസ്മായിൽ | | 500 | ടി |

ആകെ ചെലവ്- 131500

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17/2015-16).മറുപടി ലഭ്യമാക്കിയ്ട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## **3-5** പഞ്ചായത്തിലെ സോഫ്റ്റ്വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം തൃപ്തികരമല്ല.

പ്രൊജക്ട്- ഐ കെ എം ന് അടവാക്കേണ്ട വിഹിതം

നം- 233/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 45,303 രൂപ (വികസനഫണ്ട്)

ചെലവ്- 45,303 രൂപ (ബിൽ നം. 28/31.3.2016 )

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായ ത്തിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ കെ എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ കെ എം ന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്രാമ പഞ്ചായത്തും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ എം ന് പണം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ്വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സ്ഥാപന സോഫ്റ്റ്വെയർ - ശമ്പളത്തിൽ നിന്നും റിക്കവറി കാലാവധി കഴിഞ്ഞാലും റിക്കവറി നിർത്താതെ തുടർന്നു

കൊണ്ടേയിരിക്കും. റിക്കവറി മാന്വൽ ആയി റിമൂവ് ചെയ്താലെ അവസാനിക്കുന്നുള്ളൂ. ഇതിനാൽ ഇത്തരം കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിയില്ലെങ്കിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുടർന്നു കൊണ്ടേയിരിക്കും. സർക്കാരിന്റെ ഉത്തരവുകൾ മാന്വൽ ആയി ചെയ്യണം. സോഫ്റ്റ്വെയർ വെബ് അധിഷ്ഠിതമല്ല.

സചിത്ര സോഫ്റ്റ്വെയറിൽ ആസ്തി വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടി വരുമ്പോൾ സർച്ച് ചെയ്തെടുക്കാൻ ബുദ്ധിമുട്ടാണ്.

സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയത് വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ്. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല. ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂടാതെ പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

B. <u>വെബ്സൈറ്റ് കാലികമല്ല.</u>
ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വിവരങ്ങൾ കാലികമല്ല. 2014- 15 വർഷത്തെ ബജറ്റ്, വാർഷിക ധനകാര്യപത്രിക മുതലായവയുടെ വിവരങ്ങൾ ആണ് ഇപ്പോഴും നിലനിൽക്കുന്നത്. ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ മറ്റ് അടിസ്ഥാന വിവരങ്ങളും ലഭ്യമല്ല.

ഐ കെ എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-6 <u>പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്</u>

സെക്രട്ടറിനിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷങ്ങളിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

| പ്രൊജക്ട് | ചെലവ് തുക | ബിൽ/ഡി.ഡി./ നമ്പർ,തിയ്യതി | റിമാർക്സ് |
|---|---|---|---|
| എസ്.ഒ.04/2015-16 എസ്.എസ്.എ. വിഹിതം നൽകൽ | 797095 (വികസന ഫണ്ട്- ജനറൽ) | 12/2015-16/ 20-01-2016 | വിനിയോഗവിവരം ലഭിച്ചിട്ടില്ല. ( ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകി) |
| എസ്.ഒ.202/2015-16 മീഡിയാ ശ്രീ പദ്ധതിയ്ക്ക് പണം നല്കൽ | 65,000 (വികസന ഫണ്ട് ജനറൽ) | 1/2015-16/ 22-08-2015 | വിനിയോഗവിവരം ലഭിച്ചിട്ടില്ല(കുടുംബശ്രീ മിഷന് നൽകി) |
| ആകെ ചെലവ് | 8,62,095/- | | |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് (നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല) ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 <u>ആശ്രയ രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കിയില്ല</u>

പഞ്ചായത്തിൽ ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ ക്ലേശം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി ആശ്രയ രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 24 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റ് 05-03-2015 ന ചേർന്ന വിലയിരുത്തൽ സമിതി യോഗത്തിൽ വെച്ച് സി,ഡി.എസ് അംഗീകരിച്ചിട്ടുണ്ട്. ആശ്രയ ഗുണഭോക്തൃ ലിസ്റ്റിന് കുടുംബ ശ്രീ സംസ്ഥാന മിഷന്റെ അംഗീകരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ലെന്നും സി,ഡി.എസ് അറിയിക്കുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ ഗുണഫലം ലഭിക്കാതെ ചാക്കോ കണ്ടി പറമ്പ് എന്ന ഗുണഭോക്താവ് ( ward-8 )മരിയ്ക്കാനിടയായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. വീടില്ലാത്ത ഗുണഭോക്താവിന് വേണ്ടി (ശ്രീ. പൗലോസ് പാലാട്ട് ) നടപ്പിലാക്കിയ ഭവനനിർമ്മാണ

പദ്ധതിയിൽ ( എസ്.ഒ.191/2015-16) വകയിരുത്തിയ 200000 രൂപ ഇക്കാരണത്താൽ ചെലവഴിക്കാതെ ലാപ്സായിപ്പോയി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം റീക്ലപ്പ് ചെയ്യുന്നത് സംബന്ധിച്ച്

സ.ഉ(സാ.ധാ)1193/2015തസ്വഭവ.തിയ്യതി.24.4.15ഉത്തരവ് പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർ വിദ്യാ കേന്ദ്രങ്ങളിലെ പ്രേരക് മാർക്കും അസി.പ്രേരക് മാർക്കും ഓണറേറിയം,ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ സാക്ഷരതാ മിഷൻ തിരികെ നൽകുമെന്ന വ്യവസ്ഥയിൽ 2015-16 വർഷത്തിൽ 79400 രൂപ തനതു ഫണ്ടിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | പേര് | ഓണറേറിയം | ടി.എ | ഓണം അഡ്വാൻസ് | ഫെസ്റ്റിവൽ അലവൻസ് | ആകെ |
|---|---|---|---|---|---|---|
| 3/2015 to 3/2016 13 മാസം X 5600 | സുശാന്ത് ബാബു, കത്രീന | 72800 | 2600 | 2200 | 1800 | 79400 |

എന്നാൽ ഈ തുക ഓഡിറ്റ് തിയ്യതി വരെ റീ ക്ലപ്പ് ചെയ്തിട്ടില്ല.തുക റീ ക്ലപ്പ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം- എസ്.ഒ14 / 2015-16

അടങ്കൽ- 100000 രൂപ (വികസന ഫണ്ട് -ജനറൽ)

ബിൽ നംബർ,തിയ്യതി 01/2015-16/ 14-01-2016

ഹോമിയോ മെഡിക്കൽ ഓഫീസറുടെ "ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ " എന്ന പദ്ധതി പരിശോധിക്കുന്നതിന്റെ ഭാഗമായി മരുന്നുകളുടെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുഴുവൻ തുകയ്ക്ക് മരുന്ന് ലഭിച്ചില്ല.

19/16/GHDK Dt.11.02.2016 നമ്പർ ഇന്റന്റ് പ്രകാരം 99,999 രൂപയുള്ള മരുന്നുകൾക്കാണ് ഓർഡർ നല്കിയിട്ടുള്ളത്. എന്നാൽ 90,606.60 രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബില്ലിൽ freight charge -3626, രൂപ exise duty -1,177രൂപ,. comp tax – 4589,24 രൂപ എന്നിങ്ങനെ തുകകൾ ഉൾപ്പെടുത്തി ബിൽ തുക 100000 രൂപ തികച്ചിട്ടുണ്ട്.

2. ആവശ്യപ്പെടാത്ത വലിയ വിലയുള്ള മരുന്നുകൾ ലഭ്യമാക്കി

ലഭ്യമാക്കാൻ പർച്ചേസ് ഓർഡർ നല്കിയിട്ടില്ലാത്ത ചില മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് | എണ്ണം | വില | തുക |
|---|---|---|---|
| EO/ ARNICA HAIR OIL 100 ML | 56 | 70 | 3920 |
| EO/ARNICA-100 ML | 35 | 50 | 1750 |
| EO/ RHUS TOX | 56 | 50 | 2800 |

3. ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കിയില്ല

ഇന്റന്റ് പ്രകാരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുള്ള 20 ഓളം മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

Aethusa cyanapium, Nux vomika, Merk sol, Rhus tox, Zingiber, Acid flouricum.....

4. മരുന്നിന് കൂടുതൽ വില ഈടാക്കി

ചില മരുന്നുകൾക്ക് കൂടുതൽ വില ഈടാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| മരുന്ന് | ഇന്റന്റ് പ്രകാരം വില | ഈടാക്കിയ വില |
|---|---|---|
| EO/Rhus tox 30 ML | 15 X 150 = 2250 | 20 x 150 = 3000 |
| EO/Canrhris 30 ML | 15 X 30 = 450 | 20 x 30 = 600 |
| EO/Arnica 30 ML | 15 X 100 = 1500 | 20 x 100 = 2000 |
| Alfalfa surup 100 ML | 30 X 15 = 450 | 40 x 15 = 600 |
| Avena sat syrup 100 ML | 30 X 3 =90 | 40 x 3 = 120 |
| Glass bottle 30 ML | 4 X 50 = 200 | 5 x 210 = 1050 |
| Globules no. 40 500gm | 36 X 100 = 3600 | 45 x 280 = 12600 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/2015-16/9-12-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 സർക്കാർ നിർദ്ദേശ പ്രകാരമല്ലാതെ ബാങ്ക് അക്കൗണ്ട് വഴി പണമിടപാടുകൾ നടത്തുന്നു

ജി.ഒ.(പി) 177/ 2006/ ഫിൻ / 12-04-2006 നമ്പർ ഉത്തരവ് ഖണ്ഡിക 8പ്രകാരമുള്ള ഫണ്ട് വിതരണ മാർഗ്ഗരേഖയിൽ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ 1000 രൂപയിൽ അധികമുള്ള ചെലവ് ബാങ്കിങ്ങ് ട്രഷറി വഴി ഡി.ഡി ആയാണ് നൽകേണ്ടത്. ഇവിടെ മെഡിക്കൽ ഓഫീസർ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ നൽകാനുള്ള തുക ട്രഷറിയിൽ നിന്ന് മെഡിക്കൽ ഓഫീസറുടെ പേരിൽ പിൻ വലിച്ച് ഒരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്കു നൽകുകയാണ് ചെയ്യുന്നത്. നിലവിൽ ഉപയോഗത്തിൽ ഇല്ലാത്ത ഒരു പഴയബാങ്ക് അക്കൗണ്ട് വഴിയാണ് ഇടപാടുകൾ നടത്തുന്നത്. (അക്കൗണ്ട് നം- 32395664747 SBI ,NCD (Non communicable desease) . ഈ അക്കൗണ്ടിൽ 05-11-2016 ന് 10,777 രൂപ നീക്കിയിരിപ്പുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-11 കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം- എസ്.ഒ.10 / 2015-16

അടങ്കൽ- 34000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

60000 രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

കിടപ്പിലായ രോഗികൾക്ക് സാന്ത്വനപരിചരണവും ചികിത്സയും നല്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെലവുകൾ അക്കൗണ്ട് വഴി നടത്തുന്നില്ല

പാലിയേറ്റീവ് കെയർ മാർഗരേഖ പ്രകാരം പ്രൊജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും ( ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണം ഒഴികെ )തുക നൽകേണ്ട വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത് യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡി.ഡി യായോ തുക ചെലവഴിക്കാൻ പാടില്ല എന്ന നിബന്ധന പാലിച്ചിട്ടില്ല. ഇവിടെ നൽകാനുള്ള തുക ട്രഷറിയിൽ നിന്ന് മെഡിക്കൽ ഓഫീസറുടെ പേരിൽ പിൻ വലിച്ച് ഒരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്കു നൽകുകയാണ് ചെയ്യുന്നത്.

2) റിസോഴ്സ് പേഴ്സൺസിന് പ്രതിഫലം നല്കിയതിലെ അപാകത

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ രോഗികളുടെ കുടുംബാംഗങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി റിസോഴ്സ് പേഴ്സൺസിന് പ്രതിഫലം നൽകിയിട്ടുള്ളത് കൈപ്പറ്റിയത് ഈ ആശുപത്രിയിലെ തന്നെ ഹെൽത്ത് ഇൻസ്പെക്ടർ ആണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/15-16) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ച പ്രകാരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ലൈബ്രറി പുസ്തകം വാങ്ങൽ പദ്ധതി - വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറികൾക്ക് നൽകിയില്ല.

പ്രൊജക്റ്റ് നം- എസ്.ഒ.82 / 2015-16

അടങ്കൽ- 30000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് 30000 രൂപ (ഡി.ഡി.നം. 797790/31-03-2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

പഞ്ചായത്തിലെ പൂവാറന്തോട് വായനശാല, കൂടരഞ്ഞി ടൗൺ സാംസ്കാരിക നിലയം എന്നിവിടങ്ങളിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. മാതൃഭൂമി ബുക്ക്സിന് 253 ബുക്കുകളുടെ വിലയായി 30000 രൂപ നൽകിയിട്ടുണ്ട്. രണ്ട് വായനശാലകളിലെയും സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനങ്ങളിലേയ്ക്ക് പുസ്തകങ്ങളൊന്നും ലഭിച്ചിട്ടില്ല. ഹെഡ്മാസ്റ്റർ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/15-16) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.പുസ്തകങ്ങൾ മുഴുവൻ ലൈബ്രറികൾക്ക് വിതരണം ചെയ്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-13 പദ്ധതി നിർവ്വഹണത്തിൽ നിയമാനുസൃത റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതികൾ നടപ്പിലാക്കി യപ്പോൾ നിയമാനുസൃതം സൂക്ഷിക്കേണ്ട റജിസ്റ്ററുകളൊന്നും എഴുതിയിട്ടില്ല. ജി.ഒ.(പി) 177/2006/ ഫിൻ/ 12-04-2006 നം ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്ഥാപനങ്ങളിൽ നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്ന ഉത്തരവ് പാലിച്ചിട്ടില്ല. കൂടാതെ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്റ്റ് റജിസ്റ്റർ സബ്സിഡിയറി റജിസ്റ്റർ എന്നിവയും എഴുതിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/15-16) ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 ആരോഗ്യ കേരളം പുരസ്കാരം - തുകയുടെ ചെലവ് വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

ആരോഗ്യ മേഖലയിലെ പ്രവർത്തന മികവിന് " ആരോഗ്യ കേരളം പുരസ്കാരം" പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് . ഇതിന് പ്രതിഫലമായി ആരേഗ്യ ഡയറക്ടറിൽ നിന്നും 300000 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട് ( ചെക്ക്. നം. 11502400009/07-10-2015) ഈ തുക 21-11-2015 ൽ പഞ്ചായത്തിന്റെ തനത് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 3-15 ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല .

ഇ.എം.അസ് ഭവന പദ്ധതിയിൽ ദേവകി വല്യവന്നിക്കോട് എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂരിത്തീകരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. നാളിതുവരെ 52500 രൂപ കൈപ്പറ്റിയിട്ടുള്ള ടിയാരിയുടെ വീടിന്റെ ചുമർ ഉയരം പൂർത്തിയായിട്ടുണ്ട് . മാനസിക വൈകല്യമുള്ള ഒറ്റയ്ക്ക് താമസിയ്ക്കുന്ന ടിയാരിയ്ക്ക് ഭവനം പൂർത്തീകരിക്കുന്നതിന് രൂപീകരിച്ച ജനകീയ കമ്മറ്റി യുടെ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് VEO ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് മാസത്തിൽ വീട് പണി പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 പി.എച്ച്.സി. ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

പ്രൊജക്ട് നം- എസ്.ഒ214 / 2015-16

അടങ്കൽ- 200000 രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം

50000 രൂപ (തനത് ഫണ്ട്)

ചെലവ് - 200000 ( 07/2015-16/ 21-03-2016)

37000 (797349/ 22-03-2016)

ഈ പദ്ധതിയിൽ ലാബിലേക്ക് ഒരു Fully Automatic Hematology Analyser എന്ന ഉപകരണമാണ് വാങ്ങിയിട്ടുള്ളത്. പദ്ധതി പ്രകാരം റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നാണ് ഉപകരണം വാങ്ങേണ്ടത്. AGAPPE diagnostic Ltd. എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് നൽകിക്കൊണ്ടുള്ള സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഉത്തരവ് , വില വിവരപട്ടിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/2015-16/9-12-16)ലഭ്യമാക്കിയ മറുപടിയിൽ KMSCL ന്റെ റേറ്റ് കോൺട്രാക്ട് Agappe diagnostic Ltd എന്ന സ്ഥാപനവുമായിട്ടായിരുന്നുഎന്നറിയിച്ചതല്ലാതെ ഉപകരണത്തിന്റെ വിലവിവര പട്ടിക ഹാജരാക്കിയിട്ടില്ല .

## 3-17 മഴക്കാലപൂർവ്വ ശുചീകരണം - ഫണ്ട് വിനിയോഗം സംബന്ധിച്ച്

പഞ്ചായത്ത് ഭരണസമിതിയുടെ 11.5.15ലെ 67ാം നമ്പർ തീരുമാനപ്രകാരം 136110 രൂപ (വൗ.നം.51500196,1.7.2015)മെിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിനായി 14വാർഡുകളിൽ നൽകുന്നതിനാണ് ടോട്ടൽ സാനിറ്റേഷൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്.ഈ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഓഡിറ്റ് ഇംപാക്ട്

വിവിധ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയപ്പോൾ അടവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | വിഷയം | അന്വേഷണക്കുറിപ്പ്, നം. തി | അടവാക്കിയ തുക | രസീതി നം. തിയ്യതി |
|---|---|---|---|---|
| 1 | ഗുണഭോക്തൃസമിതി കൺവീനർക്ക് കരാറുകാരുടെ നിരക്ക് നൽകി | 3/15-16 തി. 7.12.2016 | 12799 | 11602101574/ 7.12.2016 |
| 2 | ടെൻഡർ കുറവ് കുറച്ചില്ല. | 12 /15-16 തി. 9.12.2016 | 949 | 11602101594/ 9.12.2016 |
| 3 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | | 535 | 11602101575/ 8.12.2016 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 407/2010/lsgd 05-02-2010 | | 778310 | 778310 | 77832 | ഇല്ല |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2002-03 | 3-5 | 2006-07 | 3.79.17(4) | നടപ്പാത നിർമ്മാണം,വിസിബി റിപ്പയർ - മുൻകൂർ കൈപ്പറ്റിയിട്ടും പണി ആരംഭിച്ചില്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53350022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43329843 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 385965 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1072995 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 310965 | പ്രദീപ് കുമാർ,അസി.എഞ്ചിനീയർ |
| 3-2 | | 75000 | ഹഫ്സ. ഐ.സി.ഡി.എസ്, സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 131500 | ബ്രിജേഷ് ഉണ്ണികൃഷ്ണൻ, വെറ്റിനറി സർജൻ |
| 3-6 | 862095 | രവീന്ദ്രൻ, സെക്രട്ടറി |
| 3-8 | 79400 | രവീന്ദ്രൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപ് കുമാർ | അസി.എൻജിനിയർ, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കേടത്ത്, കിഴക്കോത്ത്, കൊടുവള്ളി |
| ഹഫ്സ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | മരുതിച്ചതിൽ, വലിയപറമ്പ് പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | എൽ.എഫ്.പി.6/420/97തി.13.03.97 | 06 |

| | | |
|---|---|---|
| 2001-02(DCB) | എൽ.എഫ്.കെ.കെ.ഡി/പി1/ | 04 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി1/35/12 തീ.5.9.12 | 01 |
| 2002-03 | എല്.എഫ്.കെ.കെ.ഡി/പി3 /1087/04തി.05.01.05 | 05 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി1 /35/12(6)തി.2.03.12 | 02 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്2 /346/09തി.3.6.09 | 01 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്2 /346/09തി.3.6.09 | 13 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി1 /125(1)2010തി.9.6.10 | 06 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/എസ്2 /1426/09തി.24.03.10 | 20 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി1/825/ തി.3.7.13 | 23 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി1 /1797/12തി.21.11.12 | 05 |
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി/പി1 /1988/14തി.26.12.14 | 06 |
| 2012-13, 13-14 | എൽ.എഫ്.കെ.കെ.ഡി/പി1 /1164/15തി.14.10.15 | 17 |
| 2014-15 | കെഎസ്എകെകെഡി/ പി1/1391/2016 | 24 |

ഡെപ്യൂട്ടി ഡയറക്ടർ

# 5

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി- 23.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P1 /2244/2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 23.12.2016

# Audit Certificate

Certified that I have audited the Annual Financial Statement of Koodaranhi Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koodaranhi Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.